**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4529 21/03/2018 -ൽ മറുപടിയ്ക്ക്

**മോർച്ചറി അറ്റന്റർ തസ്തിക**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | **ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ മോർച്ചറി അറ്റന്റർ എന്ന തസ്തിക നിലവിൽ ഉണ്ടോ ; | (എ) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ 3 (മൂന്ന്) മോർച്ചറി അറ്റന്റർ തസ്തിക നിലവിലുണ്ട്. മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത തസ്തിക നിലവിലില്ല. |
| (ബി) | ഏത് വിഭാഗം ജീവനക്കാരാണ് നിലവിൽ ഈ തസ്തികയിൽ ജോലി ചെയ്യുന്നത് ഈ ജീവനക്കാർക്ക് വേണ്ട വിധ ട്രെയിനിംഗ് ലഭ്യമാക്കി യിട്ടുണ്ടോ; ഈ ജീവനക്കാർക്ക് വേണ്ടി മെഡിക്കൽ പ്രോട്ടോകോൾ വല്ലതും നിലവിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | ക്ലാസ് IV ജീവനക്കാരാണ് നിലവിൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്തു വരുന്നത്. ഇവർക്ക് ഫോറൻസിക് മെഡിസിൻ വിഭാഗം പ്രാഥമിക പരിശീലനം നല്കുന്നുണ്ട്. മെഡിക്കൽ പ്രോട്ടോക്കോൾ നിലവിലില്ല. |
| (സി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ മോർച്ചറിയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ജോലിചെയ്യാനാവശ്യമായ വൃത്തി യുള്ള സാഹചര്യവും വേണ്ടത്ര ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ? | (സി) | മോർച്ചറിയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജോലി ചെയ്യുന്നതിനാവശ്യമായ വൃത്തിയുള്ള സാഹചര്യം ഒരുക്കുന്നുണ്ട്. ജീവനക്കാരുടെ സുരക്ഷയ്ക്കായി ഓരോ പോസ്റ്റുമോർട്ടം പരിശോധനയ്ക്കും മാസ്ക്, ക്യാപ്, കോട്ടൺ ഏപ്രൺ, പ്ലാസ്റ്റിക് ഏപ്രൺ, ഗ്ലൗസ് (രണ്ടു വീതം ഓരോ കൈയിലും) മുതലായവ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ